28-12-2004-ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന പ്രസ്തുത ഏജൻസിയുടെ 46-ാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ ഈ പദ്ധതിക്ക് എതിരെയുള്ള കേരളത്തിന്റെ പ്രതിഷേധം കണക്കിലെടുത്ത് പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ നദീസംയോജന പദ്ധതിയുടെ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയില്ല എന്ന കേന്ദ്ര ജല വിഭവ വകുപ്പ് സെക്രട്ടറി അറിയിക്കുകയുണ്ടായി.

തമിഴ്നാട് ജലസ്രോതസ്സുകളിൽ അധികമുള്ള ജലം കേരളത്തിന് വിട്ടുകിട്ടാൻ നടപടി

7 [*72] ശ്രീ. ലൂഡി ലൂയിസ് :

„ വർക്കല കഹാർ :

„ സി. പി. മുഹമ്മദ് :

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പാർ മുതൽ കന്യാകുമാരി ജില്ല വരെയുള്ള തമിഴ്നാട് ജലസ്രോതസ്സുകളിൽ അധിക ജലമുണ്ടെന്ന് ദേശീയ ജലവിഭവ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ ആവശ്യത്തിന് സംസ്ഥാനത്തെ നദികളിൽ വെള്ളം ഇല്ലാത്തതിനാൽ ഈ അധിക ജലത്തിൽ നിന്നും സംസ്ഥാനത്തിന് ജലം വിട്ടുകിട്ടേണ്ടതിന്റെ ആവശ്യകത കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര ശ്രദ്ധയിൽ കൊണ്ടുവരുമോ ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഇല്ല. ഇക്കാര്യം ആവശ്യമെങ്കിൽ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

അന്യ സംസ്ഥാനത്തെ ലോട്ടറികൾക്കെതിരെയുള്ള കേസ്സുകൾ

8 [*73] ശ്രീ. മത്തായി ചാക്കോ :

„ എം. വി. ഗോവിന്ദൻ മാസ്റ്റർ :

„ കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ലോട്ടറി നിയന്ത്രണനിയമം ലംഘിച്ചതിന് 2004-05 കാലത്ത് ലോട്ടറി വകുപ്പ് ഉദ്യോഗസ്ഥൻമാർ നടത്തിയ റെയ്ഡുകളിൽ അനധികൃത അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ കേസ്സ് എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കേസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

(ഡി) 150 കോടിയോളം രൂപയുടെ അനധികൃത ലോട്ടറികൾ പിടികൂടിയത് സംബന്ധിച്ച് കേസ്സുകൾ നിലവിലുണ്ടോ ;

(ഇ) നിലവിലുണ്ടായിരുന്ന കേസ്സുകൾ എഴുതിത്തള്ളാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം വെളിപ്പെടുത്തുമോ;

(എഫ്) 2004 സെപ്റ്റംബറിന് മുൻപ് അനധികൃത ലോട്ടറികൾക്കെതിരെ എടുത്ത എത്ര കേസ്സുകളാണ് ഇപ്പോൾ പിൻവലിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) ഉണ്ട്.

(ബി ആന്റ് സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) കേസ്സുകൾ എഴുതിത്തള്ളാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

(എഫ്) കേസ്സുകൾ പിൻവലിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ നൽകുന്ന ഏജൻസികൾ

9 [*74] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

„ കെ. സി. ജോസഫ് :

„ കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ മുതലായ രേഖകൾ നൽകുന്ന ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇടുക്കി ജില്ലയിൽ ഇത്തരത്തിലുള്ള വ്യാജ ഏജൻസികൾ, വ്യാജ ഡ്രൈവിംഗ് ലൈസൻസുകളും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും വ്യാപകമായി നൽകി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള വ്യാജ രേഖകൾ ബന്ധപ്പെട്ട വകുപ്പ് കണ്ടെത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല..

(ബി) ഇടുക്കി ജില്ലയിൽ ഇത്തരത്തിലുള്ള വ്യാജ ഏജൻസികൾ പ്രവർത്തിക്കുന്നതായി മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly